**പതിന്നാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5392 31.10.2016-ൽ മറുപടിക്ക്**

## ഡോക്ടർമാരുടെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, സി.എച്ച്.സി., പി.എച്ച്.സി. കളിൽ ഡോക്ടർമാരുടെ ഒഴിവുകൾ ദീർഘനാളുകൾ ഒഴിഞ്ഞു കിടക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ; | (എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രി, സിഎച്ച്സി, പിഎച്ച്സി എന്നിവിടങ്ങളിലെയും എൻട്രി കേഡർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തിയും, പ്രമോഷൻ തസ്തികകൾ ഡിപിസി മുഖേന പ്രമോഷൻ നടത്തിയും നികത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ ആശുപത്രി, സിഎച്ച്സി, പിഎച്ച്സി എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കുന്ന തിനായി അഡ്ഹോക്ക് വ്യവസ്ഥയിലും ഡോക്ടർമാരെ നിയമിച്ചു വരുന്നു. കൂടാതെ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

(ബി) ഡി.എം.ഇ., ഡി.എം.ഒ. ഓഫീസുകളിൽ ഇതിനായി ഒരു സ്പെഷ്യൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത കാറ്റഗറികളിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

(സി) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജന്റെ 700 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ഒഴിവുകൾ താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| പതോളജി | - | 5 |
| മൈക്രോബയോളജി | - | 1 |
| ഫോറൻസിക് മെഡിസിൻ | - | 6 |
| ഫിസിയോളജി | - | 1 |
| ഓറൽ മാക്സിലോ ഫേഷ്യൽ സർജറി | - | 1 |
| അനസ്തേഷ്യ | - | 3 |
| ഓഫ്ത്താൽമോളജി | - | 3 |
| സർജറി | - | 6 |
| ന്യൂറോ സർജറി | - | 1 |
| തൊറാസിക് സർജറി | - | 3 |
| റേഡിയോ തെറാപ്പി | - | 2 |
| ഗൈനക്കോളജി | - | 11 |
| ഇ.എൻ.ടി | - | 3 |
| ഓർത്തോപീഡിക്സ് | - | 2 |
| ജനറൽ മെഡിസിൻ | - | 11 |
| സൈക്യാട്രി | - | 2 |

സെക്ഷൻ ഓഫീസർ